പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2460 **27-10-2026-ൽ മറുപടിയ്ക്ക്**

പേരാമ്പ്ര ബസ് സ്റ്റാൻഡ് പരിസരത്തെ ബിവറേജ് ഔട്ട്-ലെറ്റിന്റെ പ്രവർത്തനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഫാത്തിമ തഹിലിയ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) പേരാമ്പ്ര ബസ് സ്റ്റാന്റിന് സമീപം പ്രവർത്തിക്കുന്ന ബിവറേജ് ഔട്ട്-ലൈറ്റിന്റെ പരിസരത്ത്, മദ്യപരുടെ അശ്ലീലച്ചുവയുള്ള പെരുമാറ്റം കാരണം ബസ് കാത്തു നിൽക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: പേരാമ്പ്ര ബസ് സ്റ്റാന്റിന് സമീപമുള്ള ബിവറേജ് ഔട്ട് ലെറ്റിന്റെ സമീപത്ത് പൊതുസ്ഥലത്ത് മദ്യപിച്ച കുറ്റത്തിന് അബ്കാരി ആക്ട് സെക്ഷൻ 15(c) പ്രകാരം 5 അബ്കാരി കേസുകൾ ബാലുശ്ശേരി എക്സൈസ് റെയ്ഞ്ച് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

എന്നാൽ പേരാമ്പ്ര ബസ് സ്റ്റാന്റിന് സമീപം പ്രവർത്തിക്കുന്ന ബിവറേജ് ഔട്ട്-ലെറ്റിന്റെ പരിസരത്ത്, മദ്യപരുടെ അശ്ലീലച്ചുവയുള്ള പെരുമാറ്റം കാരണം ബസ് കാത്തു നിൽക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബസ് സ്റ്റാൻഡ് പരിസരത്ത് പ്രവർത്തിക്കുന്ന ബിവറേജ് ഔട്ട്-ലെറ്റുകളുടെ പരിസരത്ത് ഇത്തരം പ്രവർത്തികൾ തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: ചില്ലറവില്പനശാലയ്ക്ക് സമീപമുള്ള വിജനമായ സ്ഥലത്തു വച്ച് മദ്യപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഷാഡോ എക്സൈസ് ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി നിരന്തരം നിരീക്ഷണം നടത്തി വരുന്നുണ്ട്. കൂടാതെ ടി വിഷയം പോലീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്താറുള്ളതുമാണ്.

(സി) പൊതുജനങ്ങളുടെ സുരക്ഷയും സൗകര്യവും പരിഗണിച്ച് ബസ് സ്റ്റാൻഡ് പരിസരത്ത് നിന്ന് ബിവറേജ് ഔട്ട് ലെറ്റുകൾ മാറ്റുന്നതിന് എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: പൊതുജനങ്ങളുടെ സുരക്ഷയും സൗകര്യവും പരിഗണിച്ച് ബസ് സ്റ്റാൻഡ് പരിസരത്ത് നിന്ന് ബിവറേജ് ഔട്ട് ലെറ്റുകൾ മാറ്റുന്നതിന് നിലവിൽ പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ